**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2042** **01-09-2022 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2015-ൽ എറണാകുളം ജില്ലയിൽ പള്ളുരുത്തി സ്റ്റേഷനിലെ എസ്.ഐ. ആയിരുന്ന ഷംസുദ്ദീൻ വാഹനാപകടത്തെ തുടർന്ന് മരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ മകൻ ഫൈസൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പള്ളുരുത്തി പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 26.02.2015 ൽ നിര്യാതനായ ഷംസുദ്ദീൻ പി.-യുടെ മകൻ ശ്രീ. ഫൈസൽ എസ്. എൽ.ഡി.ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി 02.06.2015 ൽ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും, പോലീസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ വാലിഡ് അപേക്ഷത്തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച് മറ്റ് വകുപ്പുകളിൽ ഒഴിവ് കണ്ടെത്തി നൽകുന്നതിന് ടിയാളെ സംബന്ധിച്ച വിവരങ്ങൾ 07.05.2016-ൽ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>എൽ.ഡി.ക്ലർക്ക് തസ്തികയിലെ 2015 വരെയുള്ള ആശ്രിത നിയമന അപേക്ഷകരുടെ നിയമനം വേഗത്തിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി തസ്തികമാറ്റം അനുവദിക്കുന്നതിനായി പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് 13.12.2019-ൽ സംഘടിപ്പിച്ച അദാലത്തിൽ ശ്രീ. ഫൈസൽ എസ്. പങ്കെടുക്കുകയും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ മാറ്റം ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്നതിനാൽ നിയമനം നൽകാൻ സാധിച്ചില്ല . |
| (ബി) | ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ അപേക്ഷ നൽകിയ ടിയാന് നാളിതുവരെ തൊഴിൽ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും തസ്തികയിൽ ടിയാനെ പരിഗണിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് ആശ്രിതൻ മേജറാണെങ്കിൽ, മരണ തീയതി മുതൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്നും 24.05.1999 |

| | | | |
|---|---|---|---|
| | | | ലെ സ.ഉ.(പി) നം.12/99/ഉ.ഭ.പ.വ. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ശ്രീ. ഫൈസൽ എസ്. തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിക്കേണ്ട കാലാവധി 25.02.2017 ൽ അവസാനിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ